നം. എം(4) /80575/2016/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 18.11.2016

## സർക്കുലർ

വിഷയം :- **"പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം"** നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ എല്ലാ മേഖലയിലും പ്ലാസ്റ്റിക് ബഹിഷ്കരണം ഏർപ്പെടുത്തുന്നതിനുള്ള നിർദേശം - സംബന്ധിച്ച്.

സൂചന :- സ.ഉ(പി) നമ്പർ. 186/2016/പൊ.വി.വ തീയതി: 7.11.2016.

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നവകേരള ദൗത്യത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിൽ **"പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം"** പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനുള്ള രൂപരേഖ അംഗീകരിച്ച് സൂചനപ്രകാരം ഉത്തരവുണ്ടായി. മേൽ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മാർ ഇവാനിയോസ് കോളേജിലെ ഗിരിദീപം ആഡിറ്റോറിയത്തിൽ വച്ച് ബഹു. സംസ്ഥാന ഗവർണർ നവംബർ മാസം 10ന് നിർവ്വഹിച്ചു.

സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ **ഗ്രീൻ പ്രോട്ടോകോൾ** പാലിക്കേണ്ടതാണ് എന്ന് തീരുമാനം എടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാനത്ത് ഇനി മുതൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും, പരിപ്പാടികളിലും **ഗ്രീൻപ്രോട്ടോകോൾ** പാലിക്കേണ്ടതാണ്. ആയതിന് താഴെപറയുന്ന നിർദേശങ്ങൾ പാലിക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട മേധാവികൾ ഉറപ്പാക്കേണ്ടതാണ്.

1) പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ബാനർ, കൊടിതോരണങ്ങൾ എന്നിവ ഒഴിവാക്കേണ്ടതാണ്.
2) യോഗങ്ങളിൽ കുടിവെള്ളം നൽകുന്നതിലേയ്ക്ക് പ്ലാസ്റ്റിക് ഗ്ലാസ്സ് ഉപയോഗിക്കാൻ പാടില്ല. സ്റ്റീൽ ഗ്ലാസോ, ചില്ല് ഗ്ലാസോ മാത്രം ഉപയോഗിക്കുക.
3) പൊതു വേദിയിൽ അതിഥികൾക്ക് ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യാൻ പാടില്ല.
4) അതിഥികളെ സ്വീകരിക്കുമ്പോഴും സ്വാഗതം ആശംസിക്കുമ്പോഴും നൽകുന്ന ബൊക്കെകൾ പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് പൊതിഞ്ഞവയാകരുത്. അതിഥികൾക്ക്

ഒരു പൂവോ അല്ലെങ്കിൽ ചെറിയ പുസ്തകങ്ങളോ നൽകി ചെലവ് ചുരു ക്കാവുന്നതാണ്.

5) കുട്ടി കളെ അണിനിരത്തി അതിഥികളെ സ്വീകരിക്കാൻ പാടില്ല.

6) ചായ സൽക്കാരങ്ങൾ നടത്തുമ്പോൾ പ്ലാസ്റ്റിക് ഗ്ലാസിനു പകരം വിപണിയിലുള്ള പേപ്പ ർ ഗ്ലാസ് ഉപയോഗിച്ചാൽ പ്ലാസ്റ്റിക് മുക്തമാകില്ല. അവയും പ്ലാസ്റ്റിക് ആവ രണത്തോടുകൂടിയാണ് പുറത്തിറങ്ങുന്നത്. ആയതിനാൽ സ്റ്റീൽഗ്ലാസ് ഉപയ യോഗിക്കുന്നതാകും ഉചിതം.

ഈ വിധത്തിൽ നാം തന്നെ നമ്മുടെ കുട്ടികളെ പ്രകൃതിക്ക് ഇണങ്ങി ജീവിക്കാൻ ശീലിപ്പിച്ചാൽ അത് ഒരു സാമൂഹിക മാറ്റത്തിന് വഴിതുറക്കുകയും, വീണ്ടും ഉപയോഗിക്കാൻ കഴിയാത്ത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ സ്വയമേവ വിപണിയിൽ നിന്നു അപ്രത്യക്ഷ മാവുകയും ചെയ്യും. നമ്മുടെ കുട്ടികൾ സ്കൂളിൽ നിന്നും ഇത്തരം മാതൃകകൾ ശീലിച്ചാൽ വീടുകളിൽ അത്തരം ഉത്പന്നങ്ങൾ നിർബന്ധപൂർവ്വം ഒഴിവാക്കാൻ അവർ രക്ഷാകർത്താക്കളെ പ്രേരിപ്പിക്കും. അങ്ങനെ പ്ലാസ്റ്റിക് വിരുദ്ധ സമൂഹത്തെ സ്കൂളുകളിൽ നിന്ന് വീടുകളിലേക്കും, വീടുകളിൽ നിന്ന് സമൂഹത്തി ലേക്കും വ്യാപിപ്പിച്ച് **ഗ്രീൻപ്രോട്ടോകോൾ** കൂടുതൽ ഫലപ്രദമായി നടപ്പാക്കാം.

**(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)**

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(ജനറൽ)

സ്വീകർത്താക്കൾ,

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
6. ടെക്സ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം
7. സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര
8. എല്ലാ വിദ്യാഭ്യാസ സ്ഥാപനമേധാവികൾക്കും (ബന്ധപ്പെട്ട ഡി.ഇ.ഒ/എ.ഇ.ഒ മാർ മുഖാന്തിരം)